കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

# തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി9-524/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 11.06.2019

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി9-524/19 തീയതി: 11.06.2019

# ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. 1-04-2017 മുതൽ 31-12-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1-04-2017 മുതൽ 31-12-2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും<br>തസ്തിക വിവരവും |
|---|---|
| 24-01-2019മുതൽ<br>04-02-2019 വരെ | ശ്രീ. ആർ രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ. കെ.എം പ്രശോഭൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.വി.കെ. പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോസഫ് ജോർജ്ജ്,സീ.ഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം | പേര് | കാലയളവ് | സ്ഥിര മേൽവിലാസം |
|---|---|---|---|
| 1 | ശാന്തമ്മ പ്രകാശ് | 01-04-2017 മുതൽ 31.03.2018 വരെ | കാർത്തിക, തൈയ്ക്കാട്ടുശ്ശേരി പി ഒ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് | സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം |
|---|---|---|---|---|
| 1 | വിപിനചന്ദ്രൻ. പി. എസ് | 01.04.2017-07.09.2017 | ചന്ദ്രലേഖ, കാട്ടൂർ. പി. ഒ, കലവൂർ, ആലപ്പുഴ | സെക്രട്ടറി, കുത്തിയതോട് ഗ്രാമപഞ്ചായത്ത് |
| 2 | പി.ആർ.സജി | 07.09.2017-31.03.2018 | സിന്ധു നിവാസ്, സി.എം.സി-14, ചേർത്തല | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് |

3. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | പേര് | | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി. അമ്പിളി തിലകൻ | ധനകാര്യം | 01.04.2017 – 29.12.2017 |
| | ശ്രീ. കെ. ആർ. പുഷ്കരൻ | | 30.12.2017 – 31.03.2018 |
| 2 | ശ്രീമതി. പി. ശശികല | വികസന കാര്യം | 01.04.2017 – 31.03.2018 |
| 3 | ശ്രീ. കെ. ആർ. പുഷ്കരൻ | ക്ഷേമകാര്യം | 01.04.2017 – 29.12.2017 |
| | ശ്രീമതി. മിനി രമേശൻ | | 30.12.2017 – 31.03.2018 |
| 4 | ശ്രീമതി. വിജയകുമാരി | | 01.04.2017 – 31.03.2018 |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ ന. | പേര് | ഉദ്യാഗപ്പേര് | കാലയളവ് |
|---|---|---|---|
| 1 | ഡോ. ബാലഗോപാൽ | വെറ്ററിനറി സർജൻ | 01.04.2017 – 31.03.2018 |
| 2 | ഡോ. അമ്പിളി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01.04.2017 – 20.07.2017 |
| | ഡോ. അശ്വതി | | 21.07.2017 - 31.03.2018 |

| | | | |
|---|---|---|---|
| 3 | സിന്ധു. എം | കൃഷി ഓഫീസർ | 01.04.2017 - 06.07.2017 |
| | ആനി ആൻറണി | | 07.07.2017 – 08.09.2017 |
| | ഇന്ദു. കെ. പോൾ | | 08.09.2017 – 31.03.2018 |
| 4 | പി. ആർ. സജി | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2017 - 15.06.2017 |
| | സുരേഷ് ജോർജ്ജ്. കെ | | 16.06.2017- 31.03.2018 |
| 5 | രജീഷ്. റ്റി. എസ് | വി.ഇ.ഒ | 01.04.2017 – 03.11.2017 |
| | ഷിബു എബ്രഹാം | | 03.11.2017 – 31.03.2018 |
| | ശ്രീവിദ്യ. ആർ. പൈ | | 01.04.2017 – 31.03.2018 |
| 6 | ശോഭന. വി | | 01.04.2017 – 31.03.2018 |
| 7 | പൊന്നമ്മ. കെ. ജെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01.04.2017 – 31.03.2018 |
| 8 | ഉഷ. ബി. നായർ | ഹെഡ്മിസ്ട്രസ്, ഗവ. യു. പി. സ്കൂൾ | 01.04.2017 – 31.03.2018 |
| 9 | സതീഷ് കുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01.04.2017 – 31.03.2018 |
| 10 | ഡോ. ജോഷി. കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01.04.2017 – 31.12.2017 |
| | ഡോ. സനീഷ്. വി. സുകു | | 01.01.2018 – 31.03.2018 |
| 11 | സുഭാഷ് കുമാർ. പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2017 – 30.11.2017 |
| | റെനി സെബാസ്റ്റ്യൻ | | 01.12.2017 – 11.01.2018 |
| | നിഷ. എം. ബി | | 12.01.2018 – 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം. |
|---|---|---|
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| 2 | 2-1 | ഡി & ഒ ലൈസൻസ് - അപാകങ്ങൾ |
| 3 | 2-2 | വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ |
| 4 | 2-3 | കടമുറി വാടക – അപാകങ്ങൾ |
| 5 | 2-4 | വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയത്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 6 | 2-5 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ |
| 7 | 2-6 | വാർഷിക ധനകാര്യപത്രിക-ലഭിക്കാനുള്ളതായ തുകകളുടെ വ്യക്തമായ വിവരങ്ങളില്ല |
| 8 | 3-1 | വൃദ്ധജനങ്ങളുടെ ആരോഗ്യ പരിരക്ഷ- ചെലവ് ക്രമപ്രകാരമല്ല. |
| 9 | 3-2 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്-ഉയർന്ന നിരക്ക് നൽകുന്നു |
| 10 | 3-3 | തനത് ഫണ്ട് ചെലവുകൾ- ക്രമപ്കാരമല്ലാത്ത ചെലവ് |
| 11 | 3-4 | സ്വാന്ത്വന പരിചരണ പരിപാടി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല |
| 12 | 3-5 | പഠനോപകരണ വിതരണം യഥാസമയം പദ്ധതി നടപ്പാക്കുന്നില്ല- പദ്ധതി പ്രയോജനകരമാകുന്നില്ല. |
| 13 | 3-6 | സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുക - തൻവർഷം ചെലവഴിക്കാതവശേഷിച്ച തുക സർക്കാരിലേക്ക് സറണ്ടർ ചെയ്തില്ല. |
| 14 | 3-7 | തെരുവു വിളക്ക് വാങ്ങലും അറ്റകുറ്റപ്പണിയും -ന്യൂനതകൾ |
| 15 | 3-8 | വിവാഹ ധനസഹായം- വൈകി ലഭിച്ച അപേക്ഷകൾ സർക്കാർ നിർദേശം മറികടന്ന് സഹായം നല്കി |
| 16 | 3-10 | വീട് വാസയോഗ്യമാക്കൽ രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-11 | A.E.നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ കാണുന്ന അപാകതകൾ |
| 18 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 19 | അനുബന്ധം - 1 | |
| 20 | അനുബന്ധം - 2 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| | |
|---|---|
| അംഗീകരിച്ച തീയതി | 31.03.2017 |
| തീരുമാനം. നം. | 1 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 50966636 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ്. | 54168620 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 18.06.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(28)/2018, 30.07.2018 | വിശേഷണങ്ങളോട് കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം.(രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11487137.16 |
| വരവ് | 51001190 |
| ആകെ | 62488327.16 |
| ചെലവ് | 56477419 |
| നീക്കിയിരിപ്പ് | 6010908.16 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 12636000 | 12636000 | 12413837 | 222163 |
| വികസന ഫണ്ട് (എസ്.സി.പി) | - | 5252791 | 5252791 | 5127909 | 124882 |
| വികസന ഫണ്ട് (ടി.എസ്.പി) | - | 134945 | 134945 | 109400 | 25543 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | - | 3660859 | 3660859 | 3431598 | 229261 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | - | 3036557 | 3036557 | 2719806 | 316751 |
| സി.എഫ്.സി | - | 6282865 | 6282865 | 5834395 | 448470 |
| കെ.എൽ.ജി.എസ്.ഡി.പി | - | 3193238 | 3193238 | 2996619 | 196619 |
| ടോട്ടൽ സാനിറ്റേഷൻ | 3337063 | 3719289 | 7056352 | 5163475 | 1892607 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 5471276 | 7294000 | 12765276 | 12787532 | -22256 |
| റ്റി.എസ്.ബി (ജോയന്റ് വെഞ്ചർ) | 277955 | 1562600 | 2840736 | 1206000 | 356920 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി എസ്.സി.ബി- 275 (ഇ.എം.എസ് ലോൺ) | 4375 | 219 | 4594 | - | 4594 |
| സാക്ഷരത | 312919 | 1945 | 314864 | 304000 | 10864 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്. | 4524 | - | 4524 | - | 4524 |
| കോ-ഓപ്പറേറ്റീവ് ബാങ്ക് ഓൺ ഫണ്ട് | 1546.57 | - | 1546.57 | 118 | 1428.57 |
| എൻ.ആർ.ഇ.ജി.എസ് | 2077 | 868527 | 870604 | 439063 | 431541 |
| തനത് ഫണ്ട്. | 1936371.59 | 3744616 | 5680987.59 | 1904864 | 3776123.59 |
| തനത് ഫണ്ട് (ക്യാഷ്) | 119872 | 13126 | 132998 | - | 132998 |
| ടോട്ടൽ സാനിറ്റേഷൻ | 19158 | 713 | 19871 | - | 19871 |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 12 | 6515904 | 11 | 4401822 | 0 | 1 | 92 |
| സേവനം | 69 | 32446165 | 50 | 23652858 | 0 | 19 | 72 |
| പശ്ചാത്തലം | 48 | 16179306 | 41 | 12410974 | 0 | 7 | 85 |
| ആകെ | 129 | 55141375 | 102 | 40465654 | 0 | 27 | 79 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2077 | 868527 | 870604 | 439063 | 431541 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 20944536 | 20944536 | 20944536 | - |
| ആകെ | 2077 | 21813063 | 21815140 | 21383599 | 431541 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 236400 | 448 |
| കർഷകതൊഴിലാളി പെൻഷൻ | 6031300 | 530 |
| വിധവാപെൻഷൻ | 7190200 | 667 |
| വാർദ്ധക്യകാലപെൻഷൻ | 16401900 | 1629 |
| വികലാംഗപെൻഷൻ | 2607300 | 228 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 721500 | 61 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2019, 2.15.പി.എം-ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 905/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.01.2019 | ഡിസംബർ 2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.12.2006 – 20.12.2006 | 2005-06 | 24.03.2007 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - അപാകങ്ങൾ

2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. പഞ്ചായത്തിൽ ഓരോ വാർഡിലും പ്രവർത്തിക്കുന്ന മുഴവൻ വാണിജ്യ/ വ്യവസായ/ ഇതര സ്ഥാപനങ്ങളെ യുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. നിലവിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ ഹാജരാക്കിയെങ്കിലും അത് പൂർണ്ണമല്ല.വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/ വ്യവസായം/ മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം., ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ്, തൊഴിൽ നികുതി എന്നിവയടങ്ങിയ സമഗ്രമായ ഒരു ലിസ്റ്റ് തയ്യാറാക്കുന്നത് നികുതി, ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിനും വരുമാന ചോർച്ച ഇല്ലാതാക്കുന്നതിനും അനിവാര്യമാണ്.
2. പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന D&O ലൈസൻസ് രജിസ്റ്ററിൽ പല ബിസിനസ് സ്ഥാപനങ്ങളുടെയും പേര് രേഖപ്പെടുത്താതെ പകരം കടയുടമയുടെ പേര് വിവരം, സ്ഥിര മേൽവിലാസം എന്നിവയാണ് ചേർത്തിട്ടുള്ളത്. ലൈസൻസിന് അപേക്ഷിക്കുന്നവരുടെ വിവരം മാത്രമാണ് നിലവിൽ എഴുതി സൂക്ഷിച്ചുവരുന്നത്. ഇതിനാൽ ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച കൃത്യമായ

വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല.സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും നടത്തുന്ന ബിസിനസ്, വിറ്റുവരവ് എന്നിവ സംബന്ധിച്ച അപേക്ഷയിലെ വിവരങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3. 1996 ലെ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, കൺസ്യൂമർ സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ (പട്ടിക ക്രമ നം-149) പാരാമെഡിക്കൽ, ലാബുകൾ (ക്രമ നം. -143) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം. -132), ഫോട്ടോകോപ്പി, കംപ്യൂട്ടർ ടൈപ്പ് റൈറ്റിംഗ് വർക്ക് നടത്തുന്ന സ്ഥാപനങ്ങൾ ( ക്രമ നം. -127) വാഹന റിപ്പയറിംഗ് (ക്രമ നം. -145) എന്നിങ്ങനെയുള്ള പല വ്യാപാരങ്ങൾക്കും ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുമില്ല. ഒട്ടനവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി എക്സിറ്റ് യോഗത്തിൽ മെമ്പർമാർ തന്നെ അറിയിച്ചിരുന്നു.

4. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കാതെയും ബിസിനസിന്റെ സ്വഭാവപ്രകാരം കുറഞ്ഞ തുക മാത്രം ഫീസ് നൽകിയുമാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗോഡൗൺ, സിമന്റ് വ്യാപാരം, മെഡിക്കൽ ഷോപ്പ്, ചായക്കട, ബേക്കറി, ബിൽഡിംഗ് മെറ്റീരിയൽസ്, കോഴി ഫാം, ടെക്സ്റ്റൈൽസ്, ചെറുകിട ഫാക്ടറികൾ, മില്ലുകൾ എന്നിങ്ങനെ വിവിധ തരം വ്യാപാരങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ മുതൽമുടക്ക്, വിറ്റുവരവിന്റെ തോത് എന്നിവ പരിഗണിക്കാതെ 200/- രൂപ വീതമാണ് ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും ഫീസായി ഈടാക്കിയിട്ടുള്ളത്. വർഷങ്ങളായി ഈടാക്കിവരുന്ന അതേ നിരക്കിലുള്ള ഫീസ് തന്നെയാണ് സ്ഥാപനങ്ങളുടെ വിറ്റുവരവിലെ ആനുപാതിക വർദ്ധന കണക്കിലെടുക്കാതെ ഈടാക്കിയിട്ടുള്ളത്.

5. പല സ്ഥാപനങ്ങളും ലൈസൻസിനുള്ള അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ദിവസേനയുള്ള വിറ്റുവരവ് പോലുള്ള വിവരങ്ങൾ ഭൂരിഭാഗം അപേക്ഷകളിലും രേഖപ്പെടുത്തുന്നില്ല. അപേക്ഷ പ്രകാരമുള്ള തുടർ നടപടികളുടെ സമയത്ത് ഇക്കാര്യം പരിഹരിക്കുന്നതിനുള്ള സാധ്യതയുണ്ടെങ്കിലും അത് പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

6. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഷോപ്പ്, ഗോഡൗൺ എന്നിവക്ക് 2017-18 വരെ ഡി & ഓ ലൈസൻസ് നൽകിയതായി രേഖകളില്ല. വർഷങ്ങളായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ലൈസൻസിന് അപേക്ഷിക്കുന്നത് 2018-19 ൽ മാത്രമാണ്.

എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ

കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും,സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനത്തിൽ 100 ചതുരശ്ര മീറ്ററിന് താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30/- രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50/- രൂപയും 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 70/- രൂപയുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഒരു കെട്ടിടത്തെ വിവിധ മുറികളായി മാത്രം കണക്കാക്കി 100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്ര മീറ്ററിന് 30/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഒരേ ഉടമയുടെ ഒരു കെട്ടിടത്തിനെ വിവിധ മുറികളായി തിരിച്ച് മാത്രം നികുതി ഈടാക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട് .പുതുതായി നികുതി നിർണ്ണയിച്ച 100 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലായി നിരവധി കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലെ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിങ്ങളുടെ വസ്തുനികുതി ഒന്നിച്ച് ഒരു ചതുരശ്ര മീറ്ററിന് 50 രൂപ എന്ന നിരക്കിൽ നിശ്ചയിക്കുന്നതിനുപകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് മാത്രം ബാധകമായ 30/- രൂപ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. 2011 മുതൽ പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച പല പുതിയ കെട്ടിടങ്ങളിലും ഇപ്രകാരമുള്ള കുറവ് വന്നിട്ടുള്ളതിനാൽ പലമുറികളായി നമ്പരിട്ട ഒരേ ഉടമയുടെ കെട്ടിടങ്ങളുടെ നികുതി പുനപരിശോധിച്ച് കൃത്യമായ നികുതി

ഈടാക്കേണ്ടതാണ്. നികുതി കുറവ് നിശ്ചയിച്ച ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | പേരും അഡ്രസ്സും | തറ വിസ്തീർണ്ണം (ച.മീ) | വർദ്ധന (%) | ഈടാക്കിയ വസ്തു നികുതി & സെസ് | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതിയും സെസും | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 10 / 288 A to 10/288 H | കുര്യോക്കോസ്, വടക്കേ കോയിപ്പറമ്പിൽ മണപ്പുറം | 120.00 | 20% (റോഡ് 5മീറ്ററിൽ കൂടുതൽ) | (15*30)*8 = 3600)+ 5% cess | (=120*50= 6000+LC)) | Rs.2400/- + Cess |
| 13/224 A to C | ജിമ്മി ജോസഫ്, ളായിപ്പള്ളി | 206.07 | - | 6182/- (206.07*30) | 14425/- (206.07*70) | Rs.8243/- |
| | | | | ആകെ | | 10643/- |

ഇക്കാര്യങ്ങൾ പരിശോധിച്ച് നികുതി പുനഃനിർണ്ണയത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 കടമുറി വാടക – അപാകങ്ങൾ

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ കെട്ടിടവാടക രജിസ്റ്റർ പരിശോധച്ചതിൽ തൈക്കാട്ടുശ്ശേരി ഷോപ്പിംഗ് കോംപ്ലക്സിൽ 3 എണ്ണം പൂച്ചാക്കൽ മാർക്കറ്റിൽ 5 എണ്ണം എന്നിങ്ങനെ ആകെ 8 കടമുറികളാണ് വാടകക്ക് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. തൈക്കാട്ടുശ്ശേരി ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന 15/460 നം. കടമുറി വാടകക്കെടുത്ത ശ്രീ. ജോസഫ്, കേളംപറമ്പിൽ എന്നയാൾ 928/- രൂപ നിരക്കിലുള്ള 2018 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക നൽകിയിട്ടില്ല.
2. പൂച്ചാക്കൽ മാർക്കറ്റിൽ പ്രവർത്തിക്കുന്ന 6/140 നം. കടമുറി വാടകക്കെടുത്ത ശ്രീ. ദിനേശ്, ആര്യന്തറ എന്നയാൾ 2015 ഏപ്രിൽ മുതൽ വാടക നൽകിയിട്ടില്ല. കഴിഞ്ഞ നാലുവർഷമായി എഗ്രിമെന്റ് പുതുക്കാതെയും വാടക അടക്കാതെയും കടമുറി തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളത് ഗൗരവതരമാണ്. വാടകക്കാരനെതിരെ നാളിതുവരെ നിയമ നടപടികളൊന്നും സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
3. പൂച്ചാക്കൽ മാർക്കറ്റിൽ പഞ്ചായത്ത് പുതുതായി നിർമ്മിച്ചിട്ടുള്ള 8 കടമുറികൾ നിർമ്മാണം പൂർത്തീകരിച്ച് ഒരുവർഷത്തോളമായിട്ടും ലേല നടപടികൾ സ്വീകരിച്ച് വാടകയ്ക്ക് നൽകിയിട്ടില്ല. ചേർത്തല കോടതിയിൽ കേസ് നടക്കുന്നതിനാലാണ് ലേലം നടക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്നും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിഷ്ക്രിയാവസ്ഥയിൽ കിടക്കുന്നത് എത്രയും വേഗം പരിഹരിച്ച് വരുമാനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4. കടമുറികളിൽ നിന്നും വാങ്ങിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ, വാടക കരാറുകൾ പുതുക്കുന്നതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി ഡിമാന്റിൽ കുറവ് വരുത്തിയത്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ I-18 ഷെഡ്യൂളിൽ പഞ്ചായത്തിന്റെ വസ്തുനികുതി ഡിമാന്റിൽ നിന്നും വാണിജ്യ കെട്ടിടങ്ങളുടെ 2,72,858/- രൂപ നികുതിയും താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ 4914/- രൂപ നികുതിയും കുറവ് വരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ചെയ്ത നടപടി സംബന്ധിച്ച വിവരങ്ങൾ, കെട്ടിടങ്ങളുടെ എണ്ണം, നികുതി വിവരം, അന്വേഷണ റിപ്പോർട്ട്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം, ഭരണസമിതി അനുമതി എന്നിവ ലഭ്യമാക്കേണ്ടതാണ്. കൂടാതെ prior period – admin expenses, programme Expenses എന്നീ ഇനങ്ങളിലും വാർഷിക കണക്കുകളിൽ വരവുചെലവുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ മതിയായ രേഖകളില്ലാത്തതും നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാത്തതും ഗൗരവതരമാണ്. കൃത്യമായ മാനദണ്ഡങ്ങളുടെയും രേഖകളുടേയും അടിസ്ഥാനത്തിലല്ലാതെ, കെട്ടിടങ്ങളുടെ നികുതി തെറ്റായി ഒഴിവാക്കപ്പെടുന്നതിലൂടെ, പഞ്ചായത്തിന്റെ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പത്രികകൾ, രജിസ്റ്ററുകൾ എന്നിവയനുസരിച്ച് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ആകെ |
|---|---|---|---|
| എസ്.ബി.ഐ. തൈക്കാട്ടുശ്ശേരി | 1250 | 1250 | 2500/- |
| എസ്.ബി.ഐ. പൂച്ചാക്കൽ | | 1250 | 1250 |
| സർവ്വീസ് കോ. ബാങ്ക് 275 | | 1250 | 1250/- |
| സർവ്വീസ് കോ. ബാങ്ക് 326 | 1250 | 1250 | 2500/- |
| Supplyco സൂപ്പർ മാർക്കറ്റ്, പൂച്ചാക്കൽ | 1250 | 1250 | 2500/- |
| തൈക്കാട്ടുശ്ശേരി കോ- സൊസൈറ്റി A-239 | 1250 | 1250 | 2500/- |
| സർവീസ് കോ. ബാങ്ക് 275 മണപ്പുറം ശാഖ | 1250 | 1250 | 2500/- |
| ആകെ | | | 15000 |

ഈയിനത്തിലായി 2017-18 ൽ ലഭിക്കേണ്ട 15000/- രൂപയുടെ വരുമാനം ലഭിച്ചിട്ടില്ല. ടി വരവു നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു ചേർക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പത്രികകൾ,രജിസ്റ്ററുകൾ എന്നിവയനുസരിച്ച് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കിയ നികുതി (ഒന്നാം അർദ്ധവർഷം) | ഈടാക്കിയ നികുതി (രണ്ടാം അർദ്ധവർഷം) |
|---|---|---|
| ബിവറേജസ് കോർപ്പറേഷൻ | ഒടുക്കി (11250) | ഇല്ല |
| എൻ.ആർ.ഇ.ജി.എ. സ്റ്റാഫ് | ഒടുക്കി (4000) | ഇല്ല |
| സർവീസ് കോ- ബാങ്ക് 275 | ഒടുക്കി (12250) | ഇല്ല |
| പോസ്റ്റ് ഓഫീസ്, മണപ്പുറം | ഒടുക്കി (1950) | ഇല്ല |
| പോസ്റ്റ് ഓഫീസ്, ഉളവയ്പ്പ് | ഒടുക്കി (1200) | ഇല്ല |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ഒടുക്കി (1250) | ഇല്ല |
| സർവീസ് കോ- ബാങ്ക് 275, മണപ്പുറം ശാഖ | ഇല്ല | ഇല്ല |

3. കരാർ / താത്കാലിക ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഹോമിയോ ആശുപത്രിയിലെ രണ്ട് അറ്റൻഡർമാർ, ആയുർവേദാശുപത്രിയിലെ അറ്റൻഡർ, എൽ.എസ്.ജി.ഡി. ഡേറ്റാ എൻട്രി ഓപ്പറേറ്റർ, സി.ഡി.എസ് അക്കൗണ്ടന്റ്, ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർ, പാലിയേറ്റീവ് നഴ്സ് എന്നിവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കുകളിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകുന്നുണ്ട്. എന്നാൽ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഇവരിൽ നിന്നും ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് സ്കൂളുകളിലും സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കരാർ, ദിവസവേതനാടിസ്ഥാന ത്തിൽ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. നിലവിലെ മിനിമം വേതന നിരക്കുകളും സർക്കാർ സ്ഥാപനങ്ങളിലെ കരാർ, ദിവസ വേതന നിരക്കുകളും തൊഴിൽ നികുതി

സ്ലാബുകളിലെ വരുമാന പരിധിയിൽപ്പെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-6 വാർഷിക ധനകാര്യപത്രിക-ലഭിക്കാനുള്ളതായ തുകകളുടെ വ്യക്തമായ വിവരങ്ങളില്ല

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ അപാകങ്ങളുണ്ട്.

1. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ other receivables (arrears) എന്ന ശീർഷകത്തിൽ 34,325/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങളോ അനുബന്ധ രേഖകളോ ലഭ്യമല്ല.
2. ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസായി 19,000/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക ആർക്ക് നൽകിയതാണെന്നോ, തുക തിരികെ ഈടാക്കാത്തത് എന്തുകൊണ്ടാണെന്നോ വിശദീകരിച്ചിട്ടില്ല. അഡ്വാൻസ് - others ഹെഡിൽ 5,99,640/- രൂപയും തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. NREGA- ക്ക് നൽകിയ ഈ തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം വർഷാരംഭത്തിൽ 1,13,67,265/- രൂപയും വർഷാവസാനം 58,77,910/- രൂപയും വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ പഞ്ചായത്തിന് ബാങ്ക് പലിശയിനത്തിൽ തൻവർഷം ആകെ 219/- രൂപ മാത്രമാണ് വരവുള്ളത്. പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് പലിശയില്ലാത്ത കറന്റ് അക്കൗണ്ടായാണ് സൂക്ഷിക്കുന്നത്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് ട്രഷറിയിൽ 4% ഉം സ്വകാര്യ, ദേശസാത്കൃത ബാങ്കുകളിൽ മിനിമം 3.50% പലിശ ലഭിക്കുന്ന സാഹചര്യത്തിൽ 50 ലക്ഷം രൂപ വരെ നീക്കിയിരിപ്പ് വരുന്ന തനത് ഫണ്ട് അക്കൗണ്ടിന് പ്രതിവർഷം ലക്ഷങ്ങളുടെ പലിശ വരുമാനം നഷ്ടമാകുന്ന സ്ഥിതിയാണ്. പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് പലിശയില്ലാത്ത കറന്റ് അക്കൗണ്ടായാണ് സൂക്ഷിക്കുന്നത്. പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് പലിശ ലഭിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടായി മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൃദ്ധജനങ്ങളുടെ ആരോഗ്യ പരിരക്ഷ- ചെലവ് ക്രമപ്രകാരമല്ല.

മെഡിക്കൽ ഓഫീസർ CHC നടപ്പാക്കിയ "വൃദ്ധജനങ്ങളുടെ ആരോഗ്യ പരിരക്ഷ" എന്ന പ്രോജക്ടിലെ ചെലവുകൾ ക്രമപ്രകാരമല്ല (പ്രോജക്ട് നം. S 122/18) 65 വയസ് കഴിഞ്ഞവർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി വികസന ഫണ്ട് പൊതു വിഭാഗം 501350/- രൂപയും തനത് ഫണ്ട് 3250/- രൂപയും ഉൾപ്പെടെ 504600/- രൂപ വകയിരുത്തിയിരുന്ന ഈ പ്രോജക്ടിനായി ബിൽ നം. 11/28-3-18 പ്രകാരം 495868/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 114 കട്ടിലുകൾക്കായി സിഡ്കോയ്ക്ക് നൽകി. പ്രോജക്ട് നടത്തിപ്പിൽ പല അപാകതകളും കാണുന്നു.

1. കട്ടിലുകൾ വിതരണം ചെയ്യുക എന്ന ഒരു പ്രോജക്ടിനെപ്പറ്റി ഗ്രാമസഭയിൽ ചർച്ച നടത്തുകയോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല.
2. പഞ്ചായത്ത് കമ്മറ്റി തീരുമാനം പോലുമില്ലാതെ സെക്രട്ടറി 114 പേരുടെ ലിസ്റ്റ് മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ഈ ലിസ്റ്റിൽ പെട്ടവർക്ക് കട്ടിൽ വിതരണം ചെയ്യുകയുമാണുണ്ടായത്
3. കട്ടിൽ കൈപ്പറ്റിയിട്ടുള്ളവർ അതിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും മെഡിക്കൽ ഓഫീസർ സൂക്ഷിച്ചിട്ടില്ല.
4. കട്ടിൽ കൈപ്പറ്റിയിട്ടുള്ളവരുടെ ലിസ്റ്റ് പരിശോധിച്ചതിൽ ഇവർ പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടവരാണെന്നു കാണുന്നു. 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ (GO (Rt) 3217/15 ത.സ്വ.ഭ.വ, തീയതി. 29-10-15 ) യിലെ ഖണ്ഡിക 2.6.8- ൽ ഇത്തരക്കാർക്ക് കട്ടിൽ ലഭ്യമാക്കുവാൻ പറഞ്ഞിട്ടില്ല. മാത്രമല്ല പരിചരണ സാമഗ്രികൾ വ്യക്തികൾക്കു നേരിട്ടു നൽകുന്നതിനു പകരം ആരോഗ്യ കേന്ദ്രങ്ങൾ വഴി ആവശ്യാനുസരണം

രോഗിക്ക നൽകുകയും ആവശ്യം കഴിഞ്ഞാൽ തിരികെ വാങ്ങി മറ്റ് രോഗികൾക്ക നൽകുകയും ചെയ്യുക എന്ന രീതിയാണ് അവലംബിക്കേണ്ടത്. ആയതിനാൽ കട്ടിൽ വിതരണം ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇതിനുപുറമേ പഞ്ചായത്ത് കമ്മറ്റിയിലോ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലോ വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളോ പരിഹാര മാർഗ്ഗങ്ങളോ ചർച്ച ചെയ്തിട്ടില്ല. 13-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 2017-18 വർഷത്തേക്കുള്ള വികസനരേഖയിൽ 60 വയസ്സിനുമേൽ പ്രായമുള്ളവർ 3565 പേർ ഉണ്ടെന്നു മാത്രമാണ് പറയുന്നത്. ഇവരുടെ പ്രശ്നങ്ങളോ ഇവർക്കുവേണ്ടി ഏറ്റെടുക്കേണ്ട പദ്ധതികളോ വികസന രേഖയിൽ സൂചിപ്പിച്ചിട്ടില്ല. ഇത് ഈ വിഭാഗത്തോടുള്ള അവഗണനയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തി ഭരണസമിതി വിലയിരുത്തി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്-ഉയർന്ന നിരക്ക് നൽകുന്നു

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 57,913/- രൂപയാണ് നൽകി വരുന്നത്. തെരുവുവിളക്കുകളുടെ രജിസ്റ്ററിൽ ചേർത്തിട്ടുള്ള കെ.എസ്.ഇ.ബിയുടെ 18/04/2017 പുതുക്കിയ താരിഫ് നിരക്കുകൾ (കത്ത് നം. – BB/Streetlight/2017-18/21-23.05.17) പ്രകാരം താഴെപ്പറയുന്ന എണ്ണം ബൾബുകളാണ് ഉപയോഗിക്കുന്നത്.

| ഇനം | വാട്ട് | എണ്ണം | വൈദ്യുതി നിരക്ക് | വൈദ്യുതി ചാർജ് |
|---|---|---|---|---|
| സാധാരണ ബൾബ് | 40 വാട്ട് | 220 | 66/- രൂപ | 14520/- രൂപ |
| സാധാരണ ബൾബ് | 60 വാട്ട് | 72 | 102/- രൂപ | 7344/- രൂപ |
| ഫ്ലൂറസെന്റ് ലാമ്പ് | (2x40 w ) | 222 | 134/- രൂപ | 29748/- രൂപ |
| സോഡിയം വേപ്പർ ലാമ്പ് | 250 വാട്ട് | 10 | 447/- രൂപ | 4470/- രൂപ |

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഫിറ്റിംഗ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 2014-15, 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെല്ലാം C.F.L, L.E.D ലാമ്പുകളാണ് ഫിറ്റിംഗ്, അറ്റകുറ്റപ്പണികൾ എന്നിവക്കായി വാങ്ങിയിട്ടുള്ളത്. ഉയർന്ന ഊർജ്ജക്ഷമതയും കുറഞ്ഞ വൈദ്യുതി ഉപഭോഗവുമുള്ള പുതിയ തെരുവുവിളക്കുകൾ സ്ഥാപിച്ച ശേഷവും പഞ്ചായത്ത് നൽകുന്ന വൈദ്യുതി ചാർജിനത്തിൽ യാതൊരു കുറവും വന്നിട്ടില്ല. കെ.എസ്.ഇ.ബിയിൽ ഇത് സംബന്ധിച്ച കത്തു നൽകി തെരുവു വിളക്കുകളുടെ ഇനം, എണ്ണം എന്നിവ പുനഃക്രമീകരിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കാത്തതാണ് ഇതിന് പ്രധാന കാരണം. ആയതിനാൽതന്നെ ഉപയോഗിക്കാത്ത ഇൻകാൻഡസെന്റ് ബൾബുകൾക്ക് ബാധകമായ ഉയർന്ന നിരക്കാണ് നിലവിലും നൽകേണ്ടിവരുന്നത്. 11 വാട്ട് സി.എഫ്.എൽ-ന്റെ വൈദ്യുതി ചാർജ് 12 മണിക്കൂറിന് 7 രൂപ മാത്രമായിരിക്കെ 40, 60 വാട്ട് സാധാരണ ബൾബുകൾക്ക് ഇത് യഥാക്രമം 66 രൂപ, 102 രൂപ വീതമാണ്. ഈയിനത്തിൽ ഓരോ മാസവും വലിയ അധിക ചെലവാണുണ്ടാകുന്നത്. 2018-19 മുതൽ തെരുവുവിളക്കുകൾ സമ്പൂർണ്ണമായും എൽ.ഇ.ഡി. ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുമ്പോഴും വലിയ മുതൽമുടക്കിൽ നടപ്പാക്കുന്ന

വൈദ്യുതീകരണ പദ്ധതികളുടെ യഥാർത്ഥ ഗുണഫലം ഇല്ലാത്ത ബൾബുകളുടെ ഉയർന്ന നിരക്കിലുള്ള വൈദ്യുതി ചാർജ്ജ് നൽകുന്നത് വഴി പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇതിന് ഭരണസമിതി അടിയന്തിര പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-3 തനത് ഫണ്ട് ചെലവുകൾ- ക്രമപ്രകാരമല്ലാത്ത ചെലവ്

പഞ്ചായത്തിൽ 28/03/2018 ന് അവതരിപ്പിച്ച 2018-19 ലെ വാർഷിക ബജറ്റിനോടനുബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്കുൾപ്പടെ ഗിഫ്റ്റ് നൽകുന്ന തിനായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 28/03/18 ലെ 760415 നം. ചെക്ക് പ്രകാരം (വൗച്ചർ നം-915/28-03-18) 15000/- രൂപ പിൻവലിച്ചിട്ടുണ്ട്. സ്പോൺസർമാരിൽ നിന്നും തുക കണ്ടെത്തി ഈ തുക തിരികെ തനത് ഫണ്ടിലൊടുക്കുമെന്ന് ഇത് സംബന്ധിച്ച ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിൻവലിച്ച തുകയുടെ ചെലവുരേഖകളും തുക തിരികെ തനത് ഫണ്ടിലൊടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായി മാത്രം നടത്തേണ്ടതാണ്.

## 3-4 സാന്ത്വന പരിചരണ പരിപാടി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന നിലയിൽ വീട്ടുകളിൽ ദുരിതമനുഭവിക്കുന്നവർക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പാലിയേറ്റീവ് പരിചരണം നടത്തേണ്ടത്. ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, നേഴ്സിംഗ് പരിചരണം എന്നിവ ലഭ്യമാക്കുന്നതോടൊപ്പം അവർക്ക് സാന്ത്വന പരിചരണം കൂടി നൽകി അവരെ മാനസികമായി ശക്തിപ്പെടുത്തേണ്ടതു കൂടിയുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29-10-2015 ലെ G.O(Rt) 3217/15-ാം നമ്പർ സാന്ത്വന പരിചരണ മാർഗ്ഗ രേഖ 2015 ഖണ്ഡിക 2.2.2 പ്രകാരം തദ്ദേശ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള അലോപ്പതി – ആയുർവ്വേദ – ഹോമിയോപ്പതി തുടങ്ങിയ ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ആശാവർക്കർമാർ തുടങ്ങിയവരുടെ യോഗം വിളിച്ചുചേർക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലൊരു യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടില്ല.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കേണ്ടതുമാണ്. അതുപോലെ പരിചരണം ആവശ്യമുള്ള രോഗികളെ കമ്മറ്റിയുടെ അംഗീകാരത്തോടെയാവണം രജിസ്റ്റർ ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഓരോ രോഗിയുടെയും ആവശ്യങ്ങളും ലഭ്യമാക്കേണ്ട പരിചരണവും അനുസരിച്ച് ഓരോ രോഗിക്കും മാസത്തിൽ എത്ര ഹോം കെയർ നൽകണമെന്ന് നേഴ്സ് മാനേജിംഗ് കമ്മറ്റിയെ അറിയിക്കേണ്ടതും കമ്മറ്റി തീരുമാനമെടുത്ത് നൽകേണ്ടതുമാണ്. ഇത്തരത്തിലൊരു നടപടി ഉണ്ടായിട്ടില്ല.

ഹോം കെയർ പരിചരണം ആവശ്യമായ രോഗികളിൽ ആയുർവേദ - ഹോമിയോപ്പതി ചികിൽസാ രീതിയാണ് കൂടുതൽ ഫലപ്രദമെന്ന് അലോപ്പതി – ആയുർവേദ - ഹോമിയോപ്പതി ഡോക്ടർമാർ സംയുക്തമായി നിശ്ചയിക്കണം. അക്കാര്യം രോഗിയോ രോഗിയുടെ കുടുംബാംഗങ്ങളോ സമ്മതിക്കുന്നുവെങ്കിൽ അപ്രകാരം സേവനം ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലൊരു നടപടിക്രമം പാലിക്കാതെ ആയുർവേദ - ഹോമിയോപ്പതി മരുന്നുകൾ വാങ്ങിച്ചിട്ടുണ്ട്. ഒപ്പം വാങ്ങിയ മരുന്നുകൾ ഹോം കെയർ പരിചരണ പദ്ധതിയിലൂടെയല്ലാതെ ഡോക്ടർമാർ സ്വയം വിതരണം ചെയ്യുന്നതായാണ് കാണുന്നത്.

പാലിയേറ്റീവ് ഹോം കെയർ പരിചരണ രജിസ്ററർ പ്രകാരം 408പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവരിൽ 161പേരുടെ വീട്ടുകളിലേ സന്ദർശനം നടത്തുന്നുള്ളുവെന്നും പാലിയേറ്റീവ് നേഴ്സ് അറിയിച്ചിട്ടുണ്ട്. ഇവരിൽ 98 പേർക്ക് മാത്രമാണ് തുടർ ചികിൽസ ആവശ്യമുള്ളത്. ഇങ്ങനെ നോക്കുമ്പോൾ 408 പേരെ ഉൾപ്പെടുത്തിയതിന് ന്യായീകരണം കാണുന്നില്ല. ഒരുദിവസം ശരാശരി 8 വീട്ടുകൾ സന്ദർശിക്കുന്നതായാണ് രജിസ്റ്ററിൽ കാണുന്നത്. മാസം 16 ദിവസം സന്ദർശനം നടത്തിയാൽ ഒരുമാസത്തിൽ 128 വീട്ടുകൾ മാത്രമേ സന്ദർശിക്കാനാവൂ . ഇങ്ങനെ നോക്കുമ്പോൾ 408 രോഗികളെ ഉൾപ്പെടുത്തി ഏതുരീതിയിൽ പാലിയേറ്റീവ് ഹോം കെയർ പരിചരണം മുന്നോട്ടുകൊണ്ടുപോകും എന്നത് ഗൌരവമായി ചർച്ച ചെയ്യേണ്ടതാണ്. മാത്രമല്ല ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിവരുന്ന നിലയിൽ വീട്ടുകളിൽ ദുരിതമനുഭവിക്കുന്നവർക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തി മാത്രം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 3-5 പഠനോപകരണ വിതരണം യഥാസമയം പദ്ധതി നടപ്പാക്കുന്നില്ല- പദ്ധതി പ്രയോജനകരമാകുന്നില്ല.

പ്രോജക്ട് നം. - എസ്0140/18

പ്രോജക്ടിന്റെ പേര് - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ - വികസന ഫണ്ട്-ടി.എസ്.പി - 24000/- രൂപ

ചെലവ് - 22400/- രൂപ (ട്രഷറി ബിൽ നം.20 തീ. 24.03.2018)

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ഈ പദ്ധതി പ്രകാരം 11 കുട്ടികൾക്ക് പഠനോപകരണം വിതരണം ചെയ്യുന്നതിനായി 22400/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായുള്ള യൂണിഫോം വാങ്ങിയിരിക്കുന്നത് 13.03.2018-ലാണ്. അതായത് സ്കൂൾ അദ്ധ്യയന വർഷം അവസാനിക്കാറായ സമയത്താണ് പഠനോപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളിൽ താഴെപ്പറയുന്ന4 പേർ അവർ പഠിക്കുന്ന സ്കൂളുകളിലെ അവസാന വർഷ വിദ്യാർത്ഥികളാണ്.

| ക്രമ നം. | വിദ്യർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സ് | സ്കൂളിന്റെ പേര് |
|---|---|---|---|
| 1 | ആദിത്യൻ | 4 | ഗവണ്മെന്റ് എൽ. പി. സ്കൂൾ, തേവർവട്ടം |
| 2 | ഗോകുൽ | 7 | എം.ഡി.യു.പി.എസ്, നടുഭാഗം |
| 3 | സാംജിത്ത് | 10 | എസ്.എൻ.എച്ച്.എസ്.എസ്, ശ്രീകണ്ഠേശ്വരം |
| 4 | അനന്തകൃഷ്ണൻ | 7 | എം.ഡി.യു.പി.എസ്, നടുഭാഗം |

ടി കുട്ടികൾക്ക് അദ്ധ്യയന വർഷാവസാനം യൂണിഫോം നല്കിയത് പ്രയോജനപ്പെടാൻ സാധ്യതയില്ലായെന്ന് കാണുന്നു. ഇത്തരം പദ്ധതികൾ യഥാസമയം നിർവ്വഹിച്ച് പ്രയോജനകരമാം വിധം നടപ്പാക്കേണ്ടതാണ്.

## 3-6 സംയുക്ത പ്രോജക്ടിനായി ലഭിച്ച തുക - തൻവർഷം ചെലവഴിക്കാതെ അവശേഷിച്ച തുക സർക്കാരിലേക്ക് സറണ്ടർ ചെയ്തില്ല.

ധനകാര്യ വകുപ്പിന്റെ 23.01.2017-ലെ ജി.ഒ(പി) നം. 7/2017 നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക vi പ്രകാരം ജോയ്ന്റ് വെഞ്ച്വർ പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിലെ ബാലൻസ് തുക മാർച്ച് 31-ന് ട്രഷറി കണക്കുകളുമായി പൊരുത്തപ്പെടുത്തിയതിനു ശേഷം അൺകാഷ്ഡ് ചെക്കിന് സമമായ തുക മാത്രം അക്കൗണ്ടിൽ നിലനിർത്തി കൊണ്ട് ബാക്കി വരുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. തൈക്കാട്ടുശേരി ഗ്രാമ പഞ്ചായത്തിൽ ജോയ്ന്റ് വെഞ്ച്വർ പ്രോജക്ടിനായി ആരംഭിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിൽ 31.03.2018-ൽ 17,92,738/- രൂപ ബാലൻസ് നിൽക്കുന്നതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെപ്പറയുന്ന 3 ചെക്കുകളിലായി 899345/- രൂപ പണമാകാത്ത ചെക്കുകൾ ഉള്ളതായി കാണുന്നു.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 2752869/ 21.03.2018 | 249950 |
| 2 | 2752871/ 28.03.2018 | 328095 |
| 3 | 2752872/ 28.03.2018 | 321300 |

പണമാകാത്ത ചെക്ക് കഴിച്ച് 31.03.2018-ൽ 893393/- രൂപ അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. ടി തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതായിരുന്നു. എന്നാൽ ടി തുക സറണ്ടർ ചെയ്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6, തീ. 29.01.2019) മറുപടി ലഭ്യമാക്കിയില്ല.

## 3-7 തെരുവു വിളക്ക് വാങ്ങലും അറ്റകുറ്റപ്പണിയും -ന്യൂനതകൾ

പ്രോജക്ട് നം. - എസ്084/18

പ്രോജക്ടിന്റെ പേര് - തെരുവ് വിളക്ക് വാങ്ങലും അറ്റകുറ്റപ്പണിയും

അടങ്കൽ - ധനകാര്യ കമ്മീഷൻ അവാർഡ് - 175298/- രൂപ

ചെലവ് - 121740/- രൂപ (1. ട്രഷറി ബിൽ നം. 16, തീ. 11.10.2017- 9100/-രൂപ

2. ട്രഷറി ബിൽ നം. 18, തീ. 28.10.2017- 64340/-രൂപ

3. ട്രഷറി ബിൽ നം. 19, തീ. 31.10.2017- 19600/-രൂപ

4. ട്രഷറി ബിൽ നം. 26, തീ. 09.02.2018- 14700/-രൂപ

5. ട്രഷറി ബിൽ നം. 35, തീ. 28.03.2018- 14000/-രൂപ)

നിർവ്വഹണം - സെക്രട്ടറി

ഈ പദ്ധതി പ്രകാരം തൻവർഷം ഉപകരണങ്ങൾ വാങ്ങുന്നതിനായി 64340/- രൂപയും, തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി 57400/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തെരുവു വിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ദിവസ വേതനമായി 700/- രൂപയൊ, പോൾ ഒന്നിന് 75/- രൂപയൊ ആണ് ടെണ്ടർ പരസ്യത്തിൽ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 3% കുറവ് തുക രേഖപ്പെടുത്തിയ ശ്രീ.കെ.പി.ഉണ്ണികൃഷ്ണൻ നായരുടെ ടെണ്ടർ അംഗീകരിച്ചു നല്കി. ടിയാൾക്ക് ദിവസ വേതനാടിസ്ഥാനത്തിലാണ് തുക നല്കിയിരിക്കുന്നത്. ആകെ 82 ദിവസം ജോലി ചെയ്തതിന് 700/- രൂപ നിരക്കിൽ ആകെ 57400/- രൂപ നല്കിയിരിക്കുന്നു. ടിയാൾ സമർപ്പിച്ച ടെണ്ടർ നിരക്ക് പ്രകാരം (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 3% കുറവ്) 679/- രൂപ മാത്രം പ്രതിദിന വേതനമായി നല്കേണ്ടിയിരുന്നുള്ളൂ. ടെണ്ടർ വ്യത്യാസം കുറവ് ചെയ്യാതിരുന്നതു മൂലം 1722/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ടി തുക തിരികെ ഈടാക്കേണ്ടതാണ്.

1. റിപ്പയറിംഗ് നടത്തിയതിന് മതിയായ രേഖകളില്ല.

   1. 06.07.2017-ൽ പഞ്ചായത്ത് സെക്രട്ടറിയും ശ്രീ. കെ. പി. ഉണ്ണികൃഷ്ണൻ നായരും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ നിബന്ധന ക്രമ നം. 3 പ്രകാരം ഒരു ദിവസം ചുരുങ്ങിയത് 15 തെരുവു വിളക്കുകളെങ്കിലും മാറ്റി സ്ഥാപിക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത നിബന്ധന പ്രകാരം 82 ദിവസം പ്രവർത്തി നിർവ്വഹിച്ച കരാറുകാരൻ 1230 തെരുവു വിളക്കുകൾ റിപ്പയർ ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിന്റെ തെരുവു വിളക്ക് രജിസ്റ്റർ പ്രകാരം ആകെ 504 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ളത്.
   2. കരാർ നിബന്ധന ക്രമ നം. 6 പ്രകാരം അറ്റകുറ്റപ്പണികൾ നടത്തേണ്ട ദിവസം മുൻകൂട്ടി ഗ്രാമ പഞ്ചായത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇപ്രകാരം അറിയിച്ചതായുള്ള രേഖകളൊന്നും ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.
   3. കരാറുകാരൻ പ്രവർത്തിയുടെ വിവരങ്ങൾ സംബന്ധിച്ച് ഒരു രജിസ്റ്റർഎഴുതി സൂക്ഷിക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ഈ രജിസ്റ്റർ വാർഡ് മെമ്പർ ചെയർമാനായിട്ടുള്ള മോണിട്ടറിംഗ് സമിതി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. ഇപ്രകാരം ഒരു രജിസ്റ്റർ കരാറുകാരൻ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.
   4. മേൽ ട്രഷറി ബിൽ ക്രമ നം. 3 പ്രകാരമുള്ള 19600/- രൂപ ടിയാൾ 03.10.2017 മുതൽ 30.10.2017 വരെ തുടർച്ചയായി 28 ദിവസം റിപ്പയറിംഗ് നടത്തിയതിനുള്ള ദിവസ വേതനമാണെന്ന് പറഞ്ഞിരിക്കുന്നു. തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 15.09.2011-ലെ 3055/ഡി.എ.3/2011/ത.സ്വ.ഭ.വ സർക്കുലറിലെ പൊതുവിവരണം എന്ന ശീർഷകത്തിനു താഴെയുള്ള ഖണ്ഡിക (ഡി) പ്രകാരം പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി അറ്റകുറ്റപ്പണികൾ എല്ലാ ആഴ്ചയിലും ബുധനാഴ്ച ദിവസങ്ങളിൽ മാത്രം നിജപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ഏതെങ്കിലും കാരണവശാൽ ഒരു

ജോലി ബുധനാഴ്ച ദിവസം തീർക്കാൻ കഴിഞ്ഞില്ലായെങ്കിൽ ശേഷിക്കുന്ന ജോലി അതേ ആഴ്ചയിലെ തന്നെ ശനിയാഴ്ച ദിവസം നടത്താവുന്നതാണെന്ന് എന്ന് പറഞ്ഞിരിക്കുന്നു. വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. നിർദേശം ഇങ്ങനെ ആയിരിക്കെ 28 ദിവസം ഇയാൾ തുടർച്ചയായി ജോലി നോക്കിയെന്ന് പറയുന്നത് അവിശ്വസനീയമാണ്.

5. ക്രമ നം. 4, 5 പ്രകാരമുള്ള ട്രഷറി ബില്ലുകൾ പ്രകാരമുള്ള പേയ്മെന്റുകൾ ഏത് ദിവസത്തേയ്ക്കുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

6. കരാറുകാരൻ വേതനം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ട അപേക്ഷ യഥാർത്ഥത്തിൽ സെക്ഷൻ ക്ലർക്ക് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്തിട്ടുള്ളതാണ്. ക്രമ നം. 4, 5 പ്രകാരമുള്ള ട്രഷറി ബില്ലുകൾ പ്രകാരമുള്ള പേയ്മെന്റുകൾക്ക് ഒരേ അപേക്ഷ തന്നെയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അതിൽ രണ്ടാമത്തെ അപേക്ഷയിൽ കരാറുകാരന്റെ ഒപ്പും രേഖപ്പെടുത്തിയിട്ടില്ല.
ഇത് സംബന്ധിച്ച് ഭരണ വകുപ്പ് അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

2. <u>ഉപകരണങ്ങൾ വാങ്ങിയത് കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന് രേഖകളില്ല.</u>

ഈ പദ്ധതി പ്രകാരം തൻവർഷം പത്തനംതിട്ടയിലെ അൽ മന എന്ന സ്ഥാപനത്തിൽ നിന്നും 64340/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതായി കാണുന്നു. എന്നാൽ ഈ ഉപകരണങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക(64340/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16, തീ. 04.02.2019) മറുപടി ലഭ്യമാക്കിയില്ല.

## 3-8 <u>വിവാഹ ധനസഹായം- വൈകി ലഭിച്ച അപേക്ഷകൾ സർക്കാർ നിർദേശം മറികടന്ന് സഹായം നല്കി</u>

പ്രോജക്ട് നം. - എസ്074/18

പ്രോജക്ടിന്റെ പേര് - വിവാഹ ധനസഹായം-എസ്.സി

അടങ്കൽ - വികസന ഫണ്ട്-എസ്.സി.പി - 6,00,000/- രൂപ

ചെലവ് - 6,00,000/- രൂപ (1.ട്രഷറി ബിൽ നം.2 തീ. 17.8.2017- 75000/- രൂപ
2.ട്രഷറി ബിൽ നം.4 തീ. 18.9.2017- 75000/- രൂപ
3.ട്രഷറി ബിൽ നം.6 തീ. 11.10.2017- 150000/- രൂപ
4.ട്രഷറി ബിൽ നം.7 തീ. 11.10.2017- 75000/- രൂപ
5.ട്രഷറി ബിൽ നം.10 തീ. 12.10.2017- 75000/- രൂപ
6.ട്രഷറി ബിൽ നം.13 തീ. 17.11.2017- 75000/- രൂപ
7.ട്രഷറി ബിൽ നം.14 തീ. 11.10.2017- 75000/- രൂപ)

ഈ പദ്ധതി പ്രകാരം തൻവർഷം പട്ടികജാതിയിൽപെട്ട 8 പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 75000/- രൂപ നിരക്കിൽ ആകെ 6,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം. 80/2017 /ത.സ്വ.ഭ.വ, തീയതി - 03.04.2017 ഖണ്ഡിക 11.5 ക്രമ നം.1 പ്രകാരം ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ സമർപ്പിച്ചിരിക്കണം എന്ന് വ്യക്തമാക്കിയിരിക്കുന്നു. തൈക്കാട്ടുശേരി ഗ്രാമ പഞ്ചായത്തിൽ തൻവർഷം യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്ന രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വധുവിന്റെ പേര് | വിവാഹം നടന്ന തീയതി | അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി | അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | സി. ബി. ജ്യോതിമണി/ ജിത്തുമോൾ. ജെ | 02.04.2017 | 01.07.2017 | 17.07.2017 |
| 2 | സുമതി/ സുമിത്ര. എസ് | 07.05.2017 | 05.08.2017 | 30.10.2017 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വൈകി ലഭിച്ച അപേക്ഷ സ്വീകരിച്ച് ധനസഹായം നല്കിയതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അപേക്ഷകരുടെ അജ്ഞത മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് വ്യക്തമാക്കി. വിഷയം ഭരണ സമിതിയുടെ അന്തിമ തീർപ്പിനു വിടുന്നു. ഭാവിയിൽ ഇത്തരം പിഴവുകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-9 വീട് വാസയോഗ്യമാക്കൽ രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - എസ്0147/18

പ്രോജക്ടിന്റെ പേര് - വീട് വാസ്യയോഗ്യമാക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ പൂച്ചാക്കൽ

അടങ്കൽ - വികസന ഫണ്ട് -പൊതു വിഭാഗം - 6,00,000/- രൂപ

തനത് ഫണ്ട് - 16,50,000/- രൂപ

ആകെ - 2250000/- രൂപ

ചെലവ് - 22,35,000 (ട്രഷറി ബിൽ നം.24 തീ. 12.01.2018- 6,00,000/- രൂപ)
(തനത് ഫണ്ടിൽ നിന്നുള്ള ചെലവ്-16,35,000-വിശദാംശം ലഭ്യമല്ല)

ഈ പദ്ധതിയുടെ ചെലവ് സംബന്ധിച്ച ട്രഷറി ബില്ലുകൾ, വിതരണ രേഖകൾ എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 18, തീ. 04.02.2019) നല്കിയെങ്കിലും രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 22,35,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ കാണുന്ന അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ അപാകതകൾ കാണുന്നു.

1. *പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.*

പൂച്ചാക്കൽ മാർക്കറ്റ് നവീകരണം (പ്രോജക്ട് നം.S 120/18), പൂച്ചാക്കൽ മാർക്കറ്റ് ബോക്സ് കൾവർട്ട് (പ്രോജക്ട് നം. S 155/18) എന്ന പ്രേജക്ടുകളിൽ വർക്ക് യഥാസമയം പൂർത്തീകരിച്ചിട്ടില്ല.

പൂച്ചാക്കൽ മാർക്കറ്റ് നവീകരണത്തിനായി 1372835/- രൂപയും പൂച്ചാക്കൽ മാർക്കറ്റ് ബോക്സ് കൾവർട്ടിന് 436687/- രൂപയും കരാർ ഏറ്റെടുത്ത ശ്രീ. അക്ഷയ് ലാൽ യഥാക്രമം 351643/- രൂപയുടേയും 224765/- രൂപയുടേയും വേല മാത്രം ചെയ്യുകയും അപ്പെന്റിക്സ് ബി യിലെ ഇനങ്ങൾ ഒന്നും തന്നെ ചെയ്തിട്ടുമില്ല. എങ്കിലും ഇദ്ദേഹത്തിന് ചെയ്ത വേലയുടെ മൂല്യത്തിനനുസരിച്ച് പണം നൽകുകയാണ ചെയ്തിട്ടുള്ളത്. ആദ്യ വർക്കിന് സൈറ്റ് കൈമാറിയത് 15-11-2017 നും വേല പൂർത്തിയാക്കേണ്ടത് 16-3-2018 നുമായിരുന്നു. രണ്ടാമത്തെ വർക്കിന് 2-3-2018 ൽ സൈറ്റ് കൈമാറിയതാണ്. പൂർത്തിയാക്കേണ്ട തീയതി ഫയലിൽ കാണിച്ചിട്ടില്ല. വർക്ക് പൂർത്തീകരിക്കാതെ ചെയ്ത വർക്കിനുമാത്രം ബില്ല് മാറി നൽകിയതിന്റേയും നാളിതുവരെ വർക്ക് പൂർത്തീകരിക്കാത്തതിന്റേയും കാരണം അറിയിക്കണമെന്ന കാണിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയില്ല. ഈ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വന്നിട്ടുള്ള

കാലതാമസത്തെപ്പറ്റി പഞ്ചായത്ത് കമ്മറ്റി ചർച്ചചെയ്യേണ്ടതും കരാർ ലംഘനം ഉണ്ടെങ്കിൽ നടപടി സ്വീകരിക്കേണ്ടതുമാണ്. എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കുന്ന തിനുള്ള നടപടിയും കൈക്കൊള്ളേണ്ടതാണ്.

*2. സ്കൂളുകൾക്കും അംഗൻവാടികൾക്കും ലാട്രിൻ (പ്രോജക്ട് നം.S 139/18)*

ആലപ്പുഴ ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ 29-9-2017 ലെ 3(6)-ാം നമ്പർ തീരുമാനത്തിൽ ശുചിത്വമിഷന്റെ ഭാഗമായി അനുവദിച്ചിട്ടുള്ള 10 ശുചിമുറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നടത്തുന്നതിനായി തേവർവട്ടം GHS ലെ ഹെഡ്മിസ്ട്രസ് ശ്രീമതി. പുഷ്പലതയ്ക്ക് അനുവാദം നൽകുകയുണ്ടായതായി ഫയലിൽ കാണുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിന് ജില്ലാപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രമല്ല ശുചിത്വമിഷന്റെ ഫണ്ടിനുപകരം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന്റെ കാരണം ഫയലിൽ സൂചിപ്പിച്ചിട്ടില്ല. അതുപോലെ കരാർ സംബന്ധിച്ച രേഖകളോ, സൈറ്റ് കൈമാറിയ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നല്ലാതെ പേയ്മെന്റ് ഡീറ്റൈൽസ് ചേർത്തിട്ടില്ല. ശുചിമുറി അടിയന്തിരമായി പണിയേണ്ടതിന്റെ ആവശ്യകത പഞ്ചായത്ത് കമ്മറ്റിയിലോ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ച ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 321300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 321300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | നെൽകൃഷി വികസനം | 114750 | 85250 |
| ബ്ലോക്ക് പഞ്ചായത്ത് | 320000 | പാലിന് സബ്സിഡി | 320000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | സാന്ത്വനപരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 321300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 249950 | 71350 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പൂച്ചാക്കൽ മാർക്കറ്റ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെൻറ് | 0 | 200000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 10 | 122600 | 0 | 122600 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ് 1 | 193673 | 0 | 193673 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനവായ്പ | സ.ഉ. ത.സ്വ 747/10 തീയതി- 05.03.2010 | 5177500 | 3496150 | 1600000 | - | 896150 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12902911 |
| തൻവർഷം ലഭിച്ച പലിശ | 430682 |
| ആകെ | 13333593 |
| തന്നാണ്ടിൽ പിൻവലിച്ച തിക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13333593 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No. 6715780416, എസ്.ബി.റ്റി, തൈക്കാട്ടുശ്ശേരി | 13333593 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തീയതി |
|---|---|---|---|---|
| | | 2700 | ശ്രീ. പി. സാബു,<br>മുൻ ഹെഡ് ക്ലാർക്ക് | 117010101469/24.10.17 |
| - | - | 30 | ശ്രീ. ജോസഫ് അലക്സാണ്ടർ,<br>മുൻ ഹെഡ് ക്ലാർക്ക് | 117010100831/22.07.17 |
| | | 100 | ശ്രീ. രതീഷ് കുമാർ എൻ, ഒ എ | 117010100830/22.07.17 |
| | ആകെ | 2830 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51001190 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56477419 |
| വരവിനങ്ങളിലുള്ള നഷ്ടം | 15000 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1722 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2795208 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 15000 | | ശ്രീ. പി. ആർ. സജി, സെക്രട്ടറി |
| 3-8 | | 1722 | ശ്രീ. പി. ആർ. സജി, സെക്രട്ടറി |
| ആകെ | 15000 | 1722 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആൾ |
|---|---|---|
| 3-1 | 495868 | ശ്രീ. പി. ആർ. സജി, സെക്രട്ടറി |
| 3-8 | 64340 | ശ്രീ. പി. ആർ. സജി, സെക്രട്ടറി |
| 3-10 | 2235000 | വി.ഇ.ഒ, പൂച്ചാക്കൽ |
| ആകെ | 2795208 | |

(സി) കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. ആർ. സജി, സെക്രട്ടറി | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സിന്ധു നിവാസ്, സി.എം.സി 14, ചേർത്തല |
| ശ്രീ. ഷിബു എബ്രഹാം വി.ഇ.ഒ | ബ്ലോക്ക് പഞ്ചായത്ത്, ഇരിങ്ങാലക്കുട | കാട്ടുതറ, തൈക്കാട്ടുശ്ശേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിൻറെ വിവരം |
|---|---|
| 1998-99 | ചെലവ് - എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11, തീയതി - 19.01.2012 |
| 2001-2002 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2002-2003 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2003-2004 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2004-2005 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2005-2006 | എൽ.എഫ്.ജി.എ5-1832/11, തീയതി – 19.01.2012 |
| 2006-2007 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ5-1577/14, തീയതി – 08.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എ.പി9-709/13, തീയതി – 17.12.2014/14.03.2014 |
| 2012-2013 | എൽ.എഫ്.എ.പി9-20/15, തീയതി – 12.02.2015/17.03.2015 |

| | |
|---|---|
| 2013-2014 | എൽ.എഫ്.എ.പി9-1621/15, തീയതി – 17.12.2015/28.01.2016 |
| 2014-2015 | കെ.എസ്.എ-എൽ.പി-പി9/841/16, തീയതി – 30.07.2016/05.08.2016 |
| 2015-2016 | കെ.എസ്.എ-എൽ.പി-പി9/1563/16, തീയതി – 13.01.2017 |
| 2016-2017 | കെ.എസ്.എ-എൽ.പി-പി9/1063/17, തീയതി – 08.08.2017 |

.
.
.
.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

## അനുബന്ധം - 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(28)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.
..

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ